**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1438** **01-02-2024 - ൽ മറുപടിയ്ക്ക്**

**ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് നിലവിൽ നൽകുന്ന ഗ്രേസ് മാർക്ക് എത്രയാണ്; | (എ) | 15 മാർക്ക്. |
| (ബി) | മറ്റ് ക്ലബുകളായ എൻ.സി.സി., എൻ. എസ്.എസ്., സ്കൗട്ട് ആൻഡ് ഗൈഡ്, എസ്.പി.സി. എന്നിവയിലെ വിദ്യാർത്ഥികൾക്ക് നൽകുന്നതിനേക്കാൾ കുറഞ്ഞ ഗ്രേസ് മാർക്ക് ആണ് ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾക്ക് നൽകുന്നതെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | മറ്റ് ക്ലബുകളായ എൻ.സി.സി., എൻ. എസ്.എസ്., സ്കൗട്ട് ആൻഡ് ഗൈഡ്, എസ്.പി.സി. എന്നിവയിലെ വിദ്യാർത്ഥികൾക്ക് നൽകുന്നതു പോലെ 20 മാർക്ക് തന്നെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്ക് ആയി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (സി) | 20/04/2023 തീയതിയിലെ സ.ഉ.(സാധാ) നം. 2534/2023/പൊ.വി.വ നം.ഉത്തരവ് പ്രകാരം എല്ലാ ഇനങ്ങളുടെയും ഗ്രേസ് മാർക്ക് പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, അക്കാദമിക മികവ് പുലർത്തുന്ന വിദ്യാർത്ഥികളേക്കാൾ ഉയർന്ന മാർക്കുകൾ ഗ്രേസ്മാർക്കിന്റെ ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനാലും പ്ലസ് വൺ അഡ്മിഷനു പരിഗണിക്കുമ്പോൾ ഗ്രേസ്മാർക്കിലൂടെ അധികമായി ഇൻഡക്സ് മാർക്ക് ലഭിക്കുന്നുവെന്നും ആയതിനാൽ ഗ്രേസ് മാർക്ക് ലഭിച്ചവർ മികച്ച അക്കാദമിക് നിലവാരമുള്ളവരെ അപേക്ഷിച്ച് മുൻപന്തിയിൽ എത്തുകയും ചെയ്യുന്നു എന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് പരിശോധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഗ്രേസ് മാർക്ക് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഓരോ ഇനങ്ങൾക്കും ഗ്രേസ്മാർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് യോഗം നടത്തുകയും അതിൽ നിന്നും വന്ന നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് എൻ.സി.സി., എൻ.എസ്.എസ്, സ്കൗട്ട് & ഗൈഡ്, എസ്.പി.സി, ലിറ്റിൽ കൈറ്റ്സ് എന്നിവയ്ക്ക് ഗ്രേസ്മാർക്ക് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ